بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Summary 31.10.14 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

*31.10.14 ന് ബൈത്തുൽ ഫുതൂഹ്, ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം*

**ജനങ്ങളെ നന്മയിലേക്ക് ക്ഷണിക്കേണ്ടതും എല്ലാവരുടേയും നന്മ ആഗ്രഹിക്കേണ്ടതും ഓരോ അഹ്മദിയുടേയും നിർബന്ധ കടമയാണെന്ന കാര്യം ഓരോരുത്തരും ഓർക്കേണ്ടതാണ്. കാരണം അല്ലാഹു തന്റെ ഫള്ലും ഔദാര്യവുംകൊണ്ട് വാഗ്ദത്ത മസീഹിനെ വിശ്വസിക്കാനുള്ള സൗഭാഗ്യം നമുക്ക് നല്കിയിരിക്കുന്നു.**

**സമാധാനത്തോടെ ഇരിക്കുക, തിന്മ ചെയ്യാതിരിക്കുക, കുഴപ്പങ്ങൾ ഉണ്ടാക്കാതിരിക്കുക എന്നതുമാത്രമല്ല നമ്മുടെ ജോലി. പ്രത്യുത ലോകത്ത് സമാധാനം സ്ഥാപിക്കേണ്ടതും അതിനുവേണ്ടി ആത്മാർഥമായി പരിശ്രമിക്കേണ്ടതും ലോകരെ തിന്മയിൽനിന്ന് തടയാൻ ശ്രമിക്കേണ്ടതും ലോകരെ കലഹങ്ങളിൽനിന്ന് അകറ്റി നിറുത്തേണ്ടതും അവരെ അതിൽനിന്ന് രക്ഷിക്കാൻ ശ്രമിക്കേണ്ടതും നമ്മുടെ ജോലിയാണ്.**

തശഹ്ഹുദും തഅവ്വുദും സൂറ ഫാതിഹ തിലാവത്തിനും ശേഷം ഹുദൂർ അൻവർ അയ്യദഹുല്ലാഹു തആലാ ബിനസ്രിഹിൽ അസീസ് പറഞ്ഞു: അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു: **"കുൻതും ഖയ്റ ഉമ്മത്തിൻ ഉഖ്രിജിത് ലിന്നാസി"** മനുഷ്യവംശത്തിന്റെ നന്മയ്ക്കായി എഴുന്നേല്പിക്കപ്പെട്ട ഏറ്റവും ഉൽകൃഷ്ട സമുദായമാണ് നിങ്ങൾ (3:111). മുസ്ലീംകളുടെ പ്രവർത്തനങ്ങളിൽനിന്ന് ലോകർ ഫലമെടുക്കുക എന്നുള്ളത് വളരെ വലിയൊരു കാര്യണ്. അവരിൽനിന്ന് ജനങ്ങൾക്ക് നന്മയും ഗുണങ്ങളും ഉണ്ടാകണം; ദ്രോഹമല്ല. എന്നാൽ, ഇപ്പോഴത്തെ ലോകത്തിന്റെ അവസ്ഥ നിങ്ങൾ കണ്ടുവരുന്നതാണ്. മുസ്ലിം ഭരണകൂടങ്ങളും സംഘങ്ങളും സംഘടനകളും എത്രത്തോളം കുഴപ്പങ്ങളാണ് ഉണ്ടാക്കിക്കൊണ്ടിരിക്കുന്നതെന്നാൽ, ജനങ്ങൾ ഇസ്ലാമിന്റെ നാമത്തേയും മുസ്ലീംകളേയും ഭയക്കുകയാണ്. ഇങ്ങനെ ഭയപ്പെടുന്ന അവസ്ഥയുള്ളപ്പോൾ മുസ്ലീംകളുടെ കാര്യങ്ങൾ കേൾക്കാൻ പിന്നെ ആരാണുണ്ടാകുക? അല്ലെങ്കിൽ അവരിൽനിന്ന് തങ്ങൾക്ക് നന്മയും ഉപകാരവും കിട്ടുമെന്ന് വിചാരിക്കുന്നതാരാണ്? സ്വന്തം ആളുകളുടെ കഴുത്തുകൾ അറുക്കുന്നവരും നിരപരാധികളേയും സ്ത്രീകളേയും കുട്ടികളേയും വൃദ്ധരേയും കൊന്നുകൊണ്ടിരിക്കുന്നവരും തങ്ങളുടെ വീക്ഷണങ്ങളെ പിൻപറ്റാത്തവരെ ഒരു കാരണവും കൂടാതെ അന്യായമായ നിലയിൽ ബന്ദികളാക്കുന്നവരും അമുസ്ലീംകൾക്ക് നന്മയും ഉപകാരവും ചെയ്യുന്നവരാകുമെന്ന് എങ്ങനെ പ്രതീക്ഷിക്കാനാണ്?

ഇവർ ചെയ്യുന്ന പ്രവർത്തനങ്ങളുടെ ഫലം പുറത്തു വരുന്നതും പുറത്തുവന്നുകൊണ്ടിരിക്കുന്നതും ലോകം മുസ്ലീംകളെ ഭയക്കുന്നു എന്നുള്ളതാണ്. അഹ്മദികളായ നമുക്ക് ഇതിൽ ലജ്ജയുണ്ട്. ദുഃഖവും വിഷമവും തീർച്ചയായുമുണ്ട്. കാരണം ലോകത്തിന്റെ കാരുണ്യമായ നമ്മുടെ പ്രിയപ്പെട്ട നബി(സ) തിരുമേനിയുടെ പേരിലാണ് അവർ ഇത് ചെയ്യുന്നത്. അവർ ഇസ്ലാം മതത്തിനും ദുഷ്പേരുണ്ടാക്കിയിരിക്കുന്നു. അവർ നബി(സ)തിരുമേനിയുടെ പരിശുദ്ധ ജീവിതത്തേയും ലോകത്തിന്റെ മുമ്പിൽ തെറ്റായ രീതിയിൽ അവതരിപ്പിക്കുന്നവരായിരിക്കുന്നു. പക്ഷേ, അവരുടെ ഈ പ്രവർത്തനങ്ങളിൽ ഒരു അഹ്മദി എന്ന നിലയിൽ നമുക്ക് നിരാശയോ നൈരാശ്യമോ ഒട്ടുമില്ല. അമുസ്ലീംകളുടെ മുമ്പിൽ ഞാൻ ഇക്കാര്യം വെക്കുമ്പോൾ, അതായത് മുസ്ലീംകളുടെ ഈ പ്രവർത്തനം നബി(സ)തിരുമേനിയുടേയും ഇസ്ലാമിന്റേയും സത്യതയ്ക്കുള്ള തെളിവാണെന്നും, കാരണം ഒരു കാലം വരുമെന്നും, അന്നു മുസ്ലീംകളുടെ അവസ്ഥ ഇങ്ങനെയൊക്കെയായിത്തീരുമെന്നും, എന്നല്ല ഇത്രകാലത്തിനു ശേഷമായിരിക്കും അധഃപതനാവസ്ഥ ഉണ്ടാകാൻ തുടങ്ങുകയെന്നും, ഇത്രകാലംവരെ ആ ഇരുട്ടിന്റെ കാലം തുടർന്നുകൊണ്ടിരിക്കുമെന്നും, പിന്നീട് വാഗ്ദത്ത മസീഹിന്റെ വെളിപ്പെടലുണ്ടാകുമെന്നും, അദ്ദേഹം വിശുദ്ധ ഖുർആനിൽ തനതായ അവസ്ഥയിൽ നിലകൊള്ളുന്ന ഇസ്ലാമിന്റെ യഥാർഥവും മനോഹരവുമായ അധ്യാപനം-അതിന്റെ ഓരോ അക്ഷരത്തിലും നബി(സ)തിരുമേനിയുടെ ജീവിതചര്യ കാണാൻ കഴിയും-ലോകത്ത് നടപ്പിൽ വരുത്തുമെന്നും, ഈ കുഴഞ്ഞുമറിഞ്ഞ കാലഘട്ടത്തിൽ പ്രവാചകപ്രവചനങ്ങളനുസരിച്ച് ആ മസീഹ് മൗഊദ്, മഹ്ദിയെ മഅ്ഹൂദ് വന്നു കഴിഞ്ഞുവെന്ന് അഹ്മദികളായ ഞങ്ങൾ ദൃഢമായും വിശ്വസിക്കുന്നുവെന്നും, അദ്ദേഹം വാദിക്കുക മാത്രമല്ല ചെയ്തത് പരിശുദ്ധ ഖുർആനും നബി(സ)തിരുമേനിയും അദ്ദേഹത്തിന്റെ ആഗമ

നത്തിനുള്ള അടയാളമായി പറഞ്ഞ ഭൗമികവും വാനവവുമായിട്ടുള്ള കാര്യങ്ങളും പൂർത്തിയായെന്നും, ഈ മസീഹ് മഹ്ദി ഞങ്ങൾക്ക് ഇസ്‌ലാമിന്റ മനോഹരമായ അധ്യാപനം പറഞ്ഞുതന്നുവെന്നും, ഞങ്ങളുടെ ഹൃദയങ്ങളെ പ്രകാശിപ്പിച്ചുവെന്നും, ഇന്ന് അഹ്മദിയ്യാ ജമാഅത്ത് ഈ മനോഹരമായ അധ്യാപനമനുസരിച്ച് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുവെന്നും അവരോട് പറയുമ്പോൾ 'ഇസ്‌ലാം തെറ്റല്ലെന്നും മറിച്ച് അദ്ദേഹത്തിന്റെ പേരിൽ അദ്ദേഹത്തിന്റെ അനുയായികൾ എന്നു പറയുന്നവർ ചെയ്തുകൊണ്ടിരിക്കുന്ന പ്രവർത്തികളാണ് തെറ്റെന്നും' അവർ അംഗീകരിക്കുന്നു. അതുകൊണ്ട് ജനങ്ങളെ നന്മയിലേക്ക് ക്ഷണിക്കേണ്ടതും എല്ലാവരുടേയും നന്മ ആഗ്രഹിക്കേണ്ടതും ഓരോ അഹ്മദിയുടേയും നിർബന്ധ കടമയാണെന്ന കാര്യം ഓരോരുത്തരും ഓർക്കേണ്ടതാണ്. കാരണം അല്ലാഹു തന്റെ ഫള്‌ലും ഔദാര്യവുംകൊണ്ട് വാഗ്ദത്ത മസീഹിനെ വിശ്വസിക്കാനുള്ള സൗഭാഗ്യം നമുക്ക് നല്കിയിരിക്കുന്നു. സമാധാനത്തോടെ ഇരിക്കുക, തിന്മ ചെയ്യാതിരിക്കുക, കുഴപ്പങ്ങൾ ഉണ്ടാക്കാതിരിക്കുക എന്നതുമാത്രമല്ല നമ്മുടെ ജോലി. പ്രത്യുത ലോകത്ത് സമാധാനം സ്ഥാപിക്കേണ്ടതും അതിനുവേണ്ടി ആത്മാർഥമായി പരിശ്രമിക്കേണ്ടതും ലോകരെ തിന്മയിൽ നിന്ന് തടയാൻ ശ്രമിക്കേണ്ടതും ലോകരെ കലഹങ്ങളിൽ നിന്ന് അകറ്റി നിറുത്തേണ്ടതും അവരെ അതിൽനിന്ന് രക്ഷിക്കാൻ ശ്രമിക്കേണ്ടതും നമ്മുടെ ജോലിയാണ്. കാരണം ഈ പ്രവർത്തനങ്ങളെല്ലാം വാഗ്ദത്ത മസീഹിന്റെ ജോലിയിൽപ്പെട്ടതാണ്. നന്മയും സൽകർമവും നിറഞ്ഞ പ്രവർത്തനങ്ങൾ വീണ്ടും ഇസ്‌ലാമികാധ്യാപനങ്ങളുടെ വെളിച്ചത്തിൽ തുടങ്ങുന്നതിനുവേണ്ടിയാണ് അദ്ദേഹം അയക്കപ്പെട്ടിട്ടുള്ളത്. അതുകൊണ്ട് ജനങ്ങളുടെ നന്മയും ഹദ്റത്ത് മസീഹ് മൗഊദിനുള്ള ബയ്അത്തും നമ്മളിൽനിന്ന് ആവശ്യപ്പെടുന്ന ദൈവകല്പന നമ്മൾ പ്രവർത്തന രംഗത്ത് സജീവമായി ഇറങ്ങണമെന്നാണ്. ജനങ്ങൾക്ക് നന്മയും ഉപകാരവും ചെയ്യുകയും ദ്രോഹങ്ങൾ അകറ്റാൻ പൂർണമായും ശ്രമിക്കണമെന്നാണ്. നമ്മൾ മുസ്‌ലീംകളുടെ നന്മ ആഗ്രഹിക്കുന്നവരാണ്. അവരുടെ ഐശ്വര്യം ആഗ്രഹിക്കുന്നവരാണ്. അമുസ്‌ലീംകളുടേയും നന്മയും ഐശ്വര്യവും ആഗ്രഹിക്കുന്നവരാണ്. നമ്മൾ ക്രിസ്ത്യാനികളുടേയും നന്മ ആഗ്രഹിക്കുന്നവരാണ്. യഹൂദികളുടേയും ഹിന്ദുക്കളുടേയും മറ്റു മതക്കാരുടേയും നന്മ ആഗ്രഹിക്കുന്നവരാണ്. എന്നല്ല നിരീശ്വരവാദികളുടേയും നന്മ ആഗ്രഹിക്കുന്നവരാണ്. കാരണം നമ്മൾ ഇവർക്കെല്ലാം ദൈവത്തിന്റെ അടുത്തെത്താനുള്ള നേർവഴി കാണിക്കേണ്ടവരാണ്. എന്നല്ല എല്ലാതരത്തിലുള്ള കുറ്റകൃത്യങ്ങളിലും കുടുങ്ങിക്കിടക്കുന്ന കള്ളന്മാരുടേയും കൊള്ളക്കാരുടേയും അക്രമികളുടേയുമെല്ലാം നന്മ ആഗ്രഹിക്കുന്നവരാണ് നമ്മൾ. കാരണം അവരെല്ലാം റബ്ബുൽ ആലമീന്റെ ദാസരാണ്. നമ്മൾ അല്ലാഹുവിന്റെ എല്ലാ അടിയാറുകളുടേയും ക്ഷേമം ആഗ്രഹിക്കുന്നു. അവർക്ക് നന്മകളിലൂടെ നടക്കാനും തിന്മകളിൽനിന്ന് പിന്മാറാനുമുള്ള വഴി കാണിച്ചുകൊടുക്കേണ്ടതാണ്.

അല്ലാഹു **ഉഖ്‌രിജിത് ലിന്നാസ്** എന്നു പറഞ്ഞുകൊണ്ട് നമ്മുടെ പ്രവർത്തന രംഗം വളരെ വിശാലമാക്കിയിരിക്കുന്നു. അതുകൊണ്ട് ജനങ്ങളുടെ നന്മക്കും ഉന്നമനത്തിനും ഐശ്വര്യത്തിനുംവേണ്ടി അവരെ ദൈവത്തോളമെത്തിക്കുന്ന ശരിയായവഴി കാണിക്കേണ്ടതാണ്. അല്ലാഹുവിന്റെ കല്പനകൾ അനുസരിച്ച് നടക്കാൻ അവരെ ഉപദേശിക്കേണ്ടതാണ്. ഈ ജീവിതം ഒരുനാൾ അവസാനിക്കുമെന്നും പിന്നീട് ഓരോരുത്തരും അവരുടെ കർമങ്ങൾക്കനുസരിച്ച് രക്ഷാശിക്ഷാ അനുഭവിക്കേണ്ടി വരുമെന്നും അതുകൊണ്ട് ശുഭപര്യവസാനത്തിനായി അല്ലാഹുവുമായി ബന്ധം സ്ഥാപിച്ചുകൊള്ളുക എന്നും അവരോട് പറയണം.

പക്ഷേ, നമ്മൾ സ്വയം നമ്മുടെ പര്യവസാനത്തിൽ ദൃഷ്ടി പ്പതിപ്പിക്കാത്തിടത്തോളം ഇക്കാര്യങ്ങൾ മറ്റുള്ളവർക്ക് മനസ്സിലാക്കിക്കൊടുക്കാൻ നമുക്ക് സാധിക്കുകയില്ല. അതുകൊണ്ടുതന്നെ ഇതൊരു വലിയ ജോലിയാണ്. ഈ ചിന്തയോടുകൂടി ആത്മ പരിശോധന നടത്തിക്കൊണ്ട് നാം ഇത് നിർവഹിക്കേണ്ടതാണ്. ഈ ജോലി നിർവഹിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ നമുക്ക് പ്രയാസങ്ങൾ നേരിടേണ്ടി വരും. നേരിടേണ്ടി വരുന്നുമുണ്ട്. ഈ പ്രയാസങ്ങളും ലോകത്തിന്റെ എതിർപ്പും നമ്മൾ ഓരോ ചുവടിലും നേരിട്ടുകൊണ്ടിരിക്കുന്നുവെന്ന് അഹ്മദിയ്യത്തിന്റെ ചരിത്രം പറയുന്നു. ഇത് നമ്മളെ മാത്രം പ്രത്യേകപ്പെടുത്തിയിട്ടുള്ള കാര്യമൊന്നുമല്ല. പ്രത്യുത ലോകത്ത് വന്നിട്ടുള്ള നബിമാർക്കെല്ലാവർക്കും അവരെ വിശ്വസിച്ചവർക്കും എതിർപ്പ് നേരിടേണ്ടി വന്നിട്ടുണ്ട്. പക്ഷേ, അവർ പരിമിതമായ പ്രദേശങ്ങൾക്കും ജനതകൾക്കുമായിട്ടാണ് വന്നത്. അവർക്കെതിരിലുള്ള എതിർപ്പും പരിമിതമായിരുന്നു. എന്നാൽ, നബി(സ)തിരുമേനി മുഴുലോകത്തിനുംവേണ്ടി നിയോഗിതനായപ്പോൾ ആ മഹാത്മാവിനെ ലോകം മുഴുവൻ എതിർത്തതും എതിർത്തുകൊണ്ടിരിക്കുന്നതും നാം കാണുന്നു. അതേ ജോലിയും പ്രവർത്തനവും തന്നെയാണ് നബി(സ) തിരുമേനിയുടെ ദാസത്വത്തിൽ വന്ന ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റേതും. അതുകൊണ്ട് ആ മഹാത്മാവിനേയും എല്ലാ മതക്കാരും ജനതകളും എതിർത്തു. എതിർത്തുകൊണ്ടിരിക്കുന്നു. ചിലയിടത്ത് കുറച്ചും ചിലയിടത്ത് കൂടുതലും. ഈ പരമ്പര അവസാനിച്ചുപോയിട്ടില്ല. പോകുകയുമില്ല. അഹ്മദിയ്യാ ജമാഅത്തന്റെ സമാധാന പ്രവർത്തനത്തെ പ്രശംസിക്കുന്ന വ്യക്തികൾ ലോകത്തുണ്ടെന്ന കാര്യത്തിൽ സംശയമില്ല. പക്ഷേ, മതത്തിന്റെ അടിസ്ഥാനത്തിൽ നോക്കുമ്പോൾ അസാധാരണമായ അഭിവൃദ്ധി ഉണ്ടാകുന്ന ഘട്ടത്തിൽ സമുദായമെന്നനിലയിൽ പാശ്ചാത്യരാജ്യങ്ങളിൽനിന്നും നമുക്ക് എതിർപ്പ് നേരിടേണ്ടി വരു

ന്നതാണ്. അല്ലെങ്കിൽ ഇവിടെത്തെ നാമമാത്ര മതാധ്യാപനങ്ങൾ അനുസരിച്ച് പ്രവർത്തിക്കുന്നവരിൽനിന്ന് എതിർപ്പുണ്ടാകുന്നതാണ്. ഇവർ വിദ്യാസമ്പന്നരാണ്, അതുകൊണ്ട് ഈ രാജ്യങ്ങളിൽനിന്ന് എപ്പോഴും നന്മയ്ക്കുള്ള ഉത്തരം നന്മതന്നെ കിട്ടുമെന്ന് ഒരിക്കലും ധരിച്ചുപോകരുത്.

അതിനാൽ ലോകം അവർക്കിഷ്ടമുള്ളതുപോലെ നമ്മളോട് പെരുമാറിക്കൊള്ളട്ടെ. അത് അവരുടെ പ്രവർത്തിയാണ്. എന്നാൽ, അല്ലാഹുവിന്റെ സഹായം നമ്മളോടൊപ്പമുള്ളതുകൊണ്ടും അല്ലാഹു നമ്മുടെ നാമം ഉത്തമസമുദായം എന്ന് വെച്ചിട്ടുള്ളതുകൊണ്ടും നമ്മൾ നന്മ ചെയ്യുന്നതിൽനിന്ന് ഒരിക്കലും പിന്മാറാൻ പാടില്ല. ഈ നന്മ ഇസ്‌ലാമിന്റെ സന്ദേശമെത്തിക്കലാണ്. അല്ലാഹുവിലേക്ക് ജനങ്ങളെ ക്ഷണിക്കലാണ്. അല്ലാഹുവിലേക്ക് ജനങ്ങളെ ക്ഷണിക്കുന്നതിനെക്കാൾ വലിയ നന്മ മറ്റെന്താകാനാണ്.? എത്രമാത്രം ദ്രോഹവും എത്രമാത്രം വൃത്തികേടും എത്രമാത്രം ആത്മപൂജയും എത്രമാത്രം ദൈവകല്പനകളെ നിന്ദിക്കലും ഇക്കാലത്തുണ്ടായിക്കൊണ്ടിരിക്കുന്നവോ ഭരണകൂടങ്ങളും മാധ്യമങ്ങളും എത്രമാത്രം അത് പ്രചരിപ്പിക്കുന്നുവോ ഇതിനുമുമ്പേ ലോകം ഒരിക്കലും ഇങ്ങനെ കണ്ടിട്ടില്ല. ഇതിനുമുമ്പേ ഒരിക്കലും ഉണ്ടാകാത്തത്ര ശക്തിയിലാണ് ശയ്ത്വാൻ ഇന്ന് ആക്രമണം നടത്തുന്നത്. ഒരേ സമയത്ത് ലോകത്തിന്റെ ഒരറ്റുമുതൽ മറ്റേയറ്റംവരെ നിമിഷങ്ങൾക്കുള്ളിലാണ് വൃത്തികേട് നിറഞ്ഞ ചിത്രങ്ങളും കഥകളും ശബ്ദങ്ങളും എത്തിക്കൊണ്ടിരിക്കുന്നത്. നാം നന്മയുടെ ശബ്ദം ഉയർത്തുമ്പോൾ ഭുരിപക്ഷമാളുകളുടെ ചെവികളിലും പേൻ പോലും അരിക്കുന്നില്ല. തിന്മയുടെ ശബ്ദം ക്ഷണത്തിലാണ് അതിന്റെ ഫലം കാണിക്കുന്നത്. ഇനി ആരെങ്കിലും നമ്മുടെ കാര്യങ്ങളിലേക്ക് ശ്രദ്ധിക്കുന്നുണ്ടെങ്കിൽത്തന്നെയും അവരിൽനിന്നും ഒരുപാടാളുകൾ എന്നല്ല അധികമാളുകളും കുട്ടികളോടു കാണിക്കുന്ന രീതീയാണ് കാണിക്കുന്നത്. ശാബാശ്! നിങ്ങൾ വളരെ നല്ല കാര്യമാണ് ചെയ്യുന്നതെന്ന് പറയും! പിന്നീട് ബന്ധം വിച്ഛേദിക്കുകയും ചെയ്യുന്നു.

ആരെങ്കിലും അല്പം പ്രശംസിച്ചാൽ കുട്ടികളെപ്പോലെ സന്തോഷിച്ചുകൊണ്ട് അത് നമ്മുടെ ഉദ്ദേശ്യങ്ങളുടെ ലഭ്യതയ്ക്കുള്ള അറ്റമാണെന്ന് നാം മനസ്സിലാക്കാൻ പാടില്ല. കുറച്ചാളുകൾക്ക് സന്ദേശമെത്തിച്ചിട്ട് വലിയ ജോലി ചെയ്തിരിക്കുന്നുവെന്നും കരുതരുത്. നമ്മൾ ലോകർക്ക് നന്മ എത്തിക്കുന്നതിനും അവരിൽനിന്ന് തിന്മ അകറ്റുന്നതിനുള്ള ശ്രമം അതിന്റെ പാരമ്യതയിലെത്തിക്കേണ്ടതാണ്. ഒരു എതിർപ്പും ഒരു തടസ്സവും അത് മുസ്‌ലീംകളിൽനിന്നാവട്ടെ, അമുസ്‌ലീംകളിൽ നിന്നാവട്ടെ നിരീശ്വരവാദികളിൽ നിന്നാവട്ടെ അതിനെ നമ്മൾ ഉണക്കപ്പുല്ലിനെ ശക്തമായകാറ്റ് പറത്തിക്കൊണ്ടുപോകുന്നതുപോലെ വഴിയിൽനിന്നകറ്റാൻ ശ്രമിക്കേണ്ടതാണ്. ഇതിൽനിന്ന് നമ്മൾ എത്രമാത്രം ഒറ്റക്കെട്ടായി ദൃഢവും ശക്തവുമായ നിലയിൽ പരിശ്രമിക്കേണ്ട ആവശ്യമുണ്ടെന്ന് മനസ്സിലാക്കേണ്ടതാണ്. ഇതിനോടൊപ്പം ഓരോ അഹ്മദിയും അവരവരുടെ കഴിവും ശക്തിയുമനുസരിച്ച് അതിൽ ഭാഗഭാക്കാകേണ്ട ആവശ്യവുമുണ്ട്. ഹദ്റത്ത് മസീഹ് മൗഊദിന്റെ പ്രവർത്തി ലോകം മുഴുവൻ ഇസ്‌ലാമിന്റെ സന്ദേശം എത്തിക്കുക എന്നതാണ്. നന്മയും സൽകർമവും വിതരണം ചെയ്യുക എന്നതാണ്. ആ ജോലിതന്നെയാണ് നമുക്കും ചെയ്യാനുള്ളത്. ദ്രോഹത്തിനു പകരം നന്മ എത്തിക്കുമ്പോൾ ആ ജനങ്ങളിൽനിന്ന് സ്നേഹത്തിന്റെ കണങ്ങൾ ഇറ്റു വീഴുമെന്ന ദൃഢവിശ്വാസത്തിൽ നാം ഉറച്ചുനില്ക്കുന്നു. ഈ ആളുകൾ മുഹമ്മദീ മസീഹിന്റെ ദാസരിൽ വരികയും ചെയ്യും. ഈ നന്മയുടെഫലം നമുക്ക് നമ്മുടെ ദുഷ്ടപ്രകൃതക്കാരായ എതിരാളികളിൽനിന്ന് നഷ്ടത്തിന്റേയും ശത്രുതയുടേയും രൂപത്തിൽ കിട്ടാനിടയുണ്ടെന്ന്-കിട്ടുന്നുമുണ്ട്-നാം ചിന്തിക്കേണ്ടതാണ്. എന്നല്ല ചിലയാളുകൾ നമ്മെ നോക്കുന്നത് 'എങ്ങനെ ഇര കൈയിൽവന്നുവെന്ന് മനസ്സിലാക്കിയ' സിംഹം ആടിനെ നോക്കുന്നതുപോലെയാണ്. നമ്മുടെ അവസ്ഥയാണെങ്കിലോ സിംഹം അല്ലെങ്കിൽ പുള്ളിപ്പുലിയെ പരിപാലിക്കുന്നവനെപ്പോലെയാണ്. അത് കൈവിട്ടുപോയാൽ ഉടമസ്ഥൻ ചിന്തിക്കുന്നത് അതിനെ എങ്ങനെയെങ്കിലും വരുതിയിൽ കൊണ്ടു വരണമെന്നാണ്. ആ മൃഗത്തിന് ഒരു പരിക്കും ഏല്ക്കാതെ എങ്ങനെയെങ്കിലും അത് പ്രയോജനപ്പെടണമെന്നാണ്. പക്ഷേ, പുള്ളിപ്പുലിയുടെ ശ്രമം ഉടമസ്ഥനെ കടിച്ചുകീറി ഇടുക എന്നതാണ്.

പാക്കിസ്ഥാനിലും മറ്റു ചില രാജ്യങ്ങളിലും അത്തരക്കാരുണ്ട്. എന്നല്ല എല്ലാ മൗലവിമാരും അവരുടെ സ്വാധീനംകൊണ്ട് നമ്മൾ കളവ് പറഞ്ഞുവെന്ന് പറഞ്ഞ് നമ്മെ കീറിമുറിക്കാൻ ആഗ്രഹിക്കുന്നവരുമുണ്ട്. പക്ഷേ, നമ്മുടെ ശ്രമം ഇവരെ എങ്ങനെയെങ്കിലും അല്ലാഹുവിന്റെ പിടിത്തത്തിൽ അകപ്പെടുത്താതെ രക്ഷിക്കുക എന്നതായിരിക്കണം. അവർ നമ്മെ എതിർക്കുന്നത് എന്തെങ്കിലും വ്യക്തിവൈരാഗ്യം കൊണ്ടല്ല. വിവിധ അഹ്മദികൾക്ക് വിവിധസ്ഥലങ്ങളിൽനിന്ന് 'ഞങ്ങൾ അങ്ങനെ ചെയ്യും ഇങ്ങനെ ചെയ്യും അതുകൊണ്ട് ഞങ്ങളോടൊപ്പം പോന്നോ' എന്ന് പറഞ്ഞ് ഭീഷണികൾ ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ട്. അവരുടെ ശത്രുത അഹ്മദിയ്യത്തിനോടാണ്. ഏതെങ്കിലും വ്യക്തിയോടല്ല. അഹ്മദിയ്യത്തിനോടുള്ള ശത്രുതയ്ക്ക് കാരണം അവർ അഹ്മദിയ്യത്തിന്റെ അഭിവൃദ്ധി വ്യക്തമായും കാണുന്നു എന്നതാണ്. ആ അഭിവൃദ്ധി അവരുടെ വ്യക്തിപരമായ നേട്ടങ്ങളുടെ തകർച്ചയും ലോകരുടെ അവരിലേക്കുള്ള ശ്രദ്ധ ഇല്ലാതാകുകയുമായിരിക്കുമെന്ന് അവർക്കറിയാം. അഹ്മദിയ്യത്ത് അഭിവൃദ്ധിപ്പെടുന്തോറും തങ്ങളുടെ അധഃപതനം ഉണ്ടായികൊണ്ടിരിക്കുമെന്ന് അവർ മനസ്സിലാക്കുന്നു. ജമാഅത്തിന്റെ അഭി

വൃദ്ധി അവർ കാണുമ്പോൾ  അത് തങ്ങളുടെമേൽ ആധിപത്യം സ്ഥാപിക്കുമെന്ന് അവർക്കറിയാം. ഞാൻ മുമ്പേയും പറഞ്ഞിരുന്നതാണ്, പാശ്ചാത്യ രാജ്യങ്ങളിൽ അല്ലെങ്കിൽ ഇവരുടെ സ്വാധീനമുള്ള രാജ്യങ്ങളിൽ ഉണ്ടാകുന്ന ജമാഅത്തിന്റെ അഭുവൃദ്ധി ജമാഅത്തിന്നെതിരിൽ പദ്ധതികൾ ആവിഷ്കരിക്കാൻ അവരെ പ്രേരിപ്പിക്കുന്നു. അഹ്മദിയ്യത്ത് ഭരണം പിടിച്ചെടുക്കാൻ ആഗ്രഹിക്കുന്നവെന്നാണ് അവർ മനസ്സിലാക്കുന്നത്. വാസ്തവത്തിൽ അഹ്മദിയ്യാ ജമാഅത്തിന്റെ വ്യാപനം ആ രാജ്യങ്ങളെ പിടിച്ചെടുക്കുന്നതിന് വേണ്ടിയുള്ളതല്ല. പ്രത്യുത അവരിൽ ആദ്യത്തെക്കാളുപരി ശാന്തിയും സമാധാനവും സ്ഥാപിക്കാനുള്ള മാർഗമായിരിക്കുന്നതാണ്. മുസ്‌ലിം രാജ്യങ്ങളിലും നബി(സ)തിരുമേനിയുടെ സത്യസന്ധനായ ദാസനുമായി ചേരാൻ പറയുന്നത് അവരുടെ ഭൗതികമായ ബുദ്ധിമുട്ടുകളും കലഹങ്ങളും അകറ്റാനും അവർക്ക് ഉന്നതമായ പര്യവസാനം ഉണ്ടാകാനുമാണ്. മറ്റു മതക്കാരെ നാം ദൈവകോപത്തിൽനിന്ന് രക്ഷിക്കാൻ ആഗ്രഹിക്കുന്നു.

അതുകൊണ്ട്  യുക്തിയോടും കഠനാധ്വാനത്തോടും കൂടി അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ കരസ്ഥമാക്കിക്കൊണ്ട് നന്മയുടേയും സൽകർമങ്ങളുടേയും ഇസ്‌ലാമികാധ്യാപനങ്ങളെ ഓരോ ഹൃദയത്തിലും നാട്ടുക എന്നത് ഇന്ന് മുഹമ്മദീ മസീഹിന്റെ ദാസരുടെ ജോലിയാണ്. അതിനുവേണ്ടി കഴിവിന്റെ പരമാവധി പരിശ്രമിക്കുക. ഇതിനുവേണ്ടി ലോകത്ത് എല്ലായിടത്തും ദാഇയാനെ ഇലല്ലായുടെ അംഗസംഖ്യ വർധിപ്പിക്കുയും അവരെ പ്രവർത്തനനിരതരാക്കുകയും ചെയ്യേണ്ട ആവശ്യമാണുള്ളത്. അല്ലാഹു എല്ലാ ജമാഅത്തംഗങ്ങൾക്കും ജമാഅത്തിന്റെ നിസാമിനും ഇതിലേക്ക് ശ്രദ്ധിക്കാൻ തൗഫീഖ് നല്കുമാറാകട്ടെ.

Friday Sermon delivered by **Hadrath Khaleefathul Masih Alkhamis** (atba)
at Baithul Futuh,London – on 31.10.14
Summarized by Majlis Ansarullah,Bharat
Malayalam Translation : Mau.Mohammad Ismail Alleppey For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath,Sadr Anjuman Ahmadiyya - Qadian, 143516

If Undelivered Please Return To
Ahmadiyya Muslim Jama'at
Baithul Quddoos, G.H.Road
Calicut - 673001,Kerala

To